## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .85 | 28-10-2019 -ൽ മറുപടിക്ക്

### വയനാട് ജില്ലയിൽ പ്രളയം മൂലമുണ്ടായ നാശനഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഒ. ആർ. കേളു | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | 2019-ൽ വയനാട് ജില്ലയിൽ ഉണ്ടായ പ്രളയത്താൽ സംഭവിച്ച നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീട്ടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) | കണക്കാക്കിയിട്ടുണ്ട്. 2019 ൽ വയനാട് ജില്ലയിൽ 452 വീടുകൾ പൂർണ്ണമായും തകർന്നു. 7230 വീട്ടുകളാണ് ഭാഗികമായി തകർന്നതായി കണക്കാക്കിയിട്ടുള്ളത് |
| ബി) | പ്രളയം മൂലം വയനാട് ജില്ലയിൽ വിവിധ വകുപ്പുകൾക്കുണ്ടായ നാശനഷ്ടം പട്ടിക തിരിച്ച് ലഭ്യമാക്കാമോ? | ബി) | കേന്ദ്ര സർക്കാരിന് നൽകിയ മെമ്മോറാണ്ടം അനുസരിച്ച് വയനാട് ജില്ലയിൽ 2019 ഓഗസ്റ്റ് മാസം വരെ 3661.1 ha കൃഷി നഷ്ടം നേരിട്ടു. 60 ha കൃഷിഭൂമി ഒലിച്ച് പോയി. പൊതുയിടത്ത് 19 ഹെക്ടറിൽ ചെളിയടിഞ്ഞു. മുനിസിപ്പൽ പ്രദേശത്ത് വൃത്തിയാക്കേണ്ടി വന്ന വീട്ടുകളുടെ എണ്ണം-1509 ഉം. ഗ്രാമപ്രദേശങ്ങളിൽ വൃത്തിയാക്കേണ്ടി വന്ന വീട്ടുകളുടെ എണ്ണം- 7580 ഉം ആണ്. മൃഗ സംരക്ഷണ മേഖലയിൽ 23 കന്നുകാലികൾ, 27 ആട്ടുകൾ, 22 പശുക്കുട്ടികൾ, 3575 കോഴികൾ എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്. വൈദ്യുതി സെക്ടറിൽ 20 ട്രാൻസ്ഫോർമർ, 1327 വൈദ്യുതി പോസ്റ്റുകൾ, 336 കിമീ വൈദ്യുതി കമ്പികൾ എന്നിവയും നഷ്ടപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ